## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1702. 06.03.2017-ൽ മറുപടിക്ക്

## തുറമുഖ മണൽ ഖനനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ബി. സത്യൻ<br>ശ്രീ. എം. രാജഗോപാലൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | തുറമുഖ മണൽ ഖനനത്തിനായി നിലവിലുള്ള അശാസ്ത്രീയവും അഴിമതിക്ക കളമൊരുക്കിയിരുന്നതുമായ വ്യവസ്ഥകൾ മാറ്റിക്കൊണ്ട് പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതു പ്രകാരം മണൽ ഖനനത്തിനും വിപണനത്തിനും ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ; | (എ) | സംസ്ഥാനത്ത് തുറമുഖ മണൽ ഖനനത്തിനായുള്ള മാന്വൽ ഡ്രഡ്ജിംഗ് സംബന്ധിച്ച കരട് നയം അഗീകരിച്ച് 9/2/2017-ലെ സ.ഉ. (കൈ) നം.2/2017/മ.തു.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | നിലവിൽ ഈ മേഖലയിലുള്ള സഹകരണ സംഘങ്ങളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സഹകരണ സംഘങ്ങളുടെ കീഴിലുള്ള തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാൻ എന്തു പരിഹാരമാണ് നിർദ്ദേശിക്കാനുള്ളത്; | (ബി) | നിലവിൽ മാന്വൽ ഡ്രഡ്ജിംഗിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മുൻ കാലങ്ങളിൽ ജോലിയിൽ ഏർപ്പെട്ടിരുന്നവർക്കും മുൻഗണന നൽകി മണൽ വാരൽ തൊഴിലാളികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തൊഴിലാളികളായി രജിസ്റ്റർ ചെയ്യുന്നതാണ്. |
| (സി) | മണൽ ഖനനവും വിപണനവും പൊതുമേഖലയിലൂടെ സർക്കാർ നേരിട്ടു നടത്താനാണോ ഉദ്ദേശിക്കുന്നത്; എങ്കിൽ ഇതിന്റെ പ്രായോഗിക രീതികൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ? | (സി) | അതെ. പ്രായോഗിക രീതികൾ സർക്കാർ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്